ജില്ലാ കളക്ടർമാർക്കുള്ള പ്രത്യേക നിർദേശം

അറബിക്കടലിൽ ന്യൂനമർദം രൂപപ്പെടാൻ സാധ്യതയുള്ളതിനാൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള തീരത്ത് നിന്ന് കടലിൽ പോകുന്നത് നിരോധിച്ചിരിക്കുന്നു. നിരോധനം നടപ്പിലാക്കാൻ ഫിഷെറീസ്, തീരദേശ പോലീസ് എന്നിവരെ ഉപയോഗിക്കേണ്ടതും ഇവ പാലിക്കപ്പെടുന്നുണ്ടെന്ന് കർശനമായി ഉറപ്പ് വരുത്തേണ്ടതുമാണ്.

ന്യൂനമർദത്തിൻറെ സ്വാധീനത്താൽ കേരളത്തിൽ ശക്തമായ കാറ്റും ചിലയിടങ്ങളിൽ അതിശക്തമായ മഴയ്ക്കും രൂക്ഷമായ കടലാക്രമണത്തിനും സാധ്യതയുണ്ട്. ഇവ മൂലമുണ്ടാകുന്ന അപകടങ്ങളെ ലഘൂകരിക്കാൻ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉപദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരളത്തിൽ മെയ് 29, 30 തീയ്യതികളിൽ ഇടുക്കി ജില്ലയിൽ ഓറഞ്ച് അലെർട് പ്രഖ്യാപിച്ചിട്ടുണ്ട്. 24 മണിക്കൂറിൽ 115 മുതൽ 204 മില്ലി മീറ്റർ വരെ മഴ പെയ്യാനുള്ള സാധ്യതയാണിത്. അടുത്ത 5 ദിവസം കേരളത്തിലെ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ശക്തമായ മഴക്കുള്ള സാധ്യതയും മഞ്ഞ അലേർട്ടും പ്രഖ്യാപിച്ചിരിക്കുന്നു.

ഇത്തരം മുന്നറിയിപ്പുകളുടെ ഘട്ടത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും മറ്റ് സർക്കാർ സംവിധാനങ്ങളും ഏത് തരത്തിലാണ് പ്രവർത്തിക്കേണ്ടത് എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിശദമായ മാർഗ്ഗ രേഖ 'ഓറഞ്ച് ബുക്ക് 2020' ലൂടെ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖക്ക് അനുസൃതമായി ജില്ലയിൽ ദുരന്ത പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

നിലവിലെ മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ ഓറഞ്ച് ബുക്ക് 2020 ൽ വൾനറബിൾ ഗ്രൂപ്പ് എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന

(പേജ് നമ്പർ 58, ഓറഞ്ച് ബുക്ക് 2020) വിഭാഗങ്ങൾക്കായി ക്യാമ്പുകൾ തയ്യാറാക്കി ആവശ്യമായ ഘട്ടങ്ങളിൽ ആളുകളെ മുൻകൂട്ടി തന്നെ മാറ്റി താമസിപ്പിക്കേണ്ടതാണ്.

കടലാക്രമണം രൂക്ഷമാകാനുള്ള സാധ്യതയുള്ളതിനാൽ തീരദേശ മേഖലയിൽ സുരക്ഷിതമായ കെട്ടിടങ്ങൾ കണ്ടെത്തി ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കേണ്ടതാണ്.

കോവിഡ് 19 മഹാമാരിയുടെ കൂടി പശ്ചാത്തലത്തിൽ ക്യാമ്പുകളുടെ പ്രവർത്തനം എങ്ങനെയായിരിക്കണമെന്ന് ഓറഞ്ച് ബുക്ക് 2020 ൽ വിശദീകരിച്ചിട്ടുണ്ട്. അത് പാലിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും റെവന്യൂ വകുപ്പിന്റെയും ഏകോപനത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്.

താലൂക്ക് കൺട്രോൾ റൂമുകളും ജില്ലാ കൺട്രോൾ റൂമുകളും 24*7 മണിക്കൂറും പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

അതിശക്തമായ മഴ തുടർച്ചയായി പെയ്യുന്ന സാഹചര്യത്തിൽ പ്രാദേശികമായ ചെറിയ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യത വർധിക്കും. ആയതിനാൽ ജില്ലയിലെ ദുരന്ത സാധ്യത മേഖലകളിലെ സംവിധാനങ്ങളെ മഴ തുടരുന്ന സാഹചര്യത്തിൽ അലേർട്ട് ആക്കി നിർത്തേണ്ടതാണ്.

ഓറഞ്ച് ബുക്ക് 2020, https://sdma.kerala.gov.in/wp-content/uploads/2020/05/Orange-Book-of-Disaster-Management-2-2020-2.pdf ഈ ലിങ്കിൽ കാണാവുന്നതാണ്.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി